## ജി.എച്ച്.എസ്.എസ് കൊട്ടപ്പുറം



# ഇതളുകൾ



ലിറ്റിൽ കൈറ്റ്സ്

അംഗങ്ങൾ

തയ്യാറാക്കിയത്.

# ഉള്ളടക്കം

1.ചെരുപ്പ്

2.വിശപ്പ്

3.കടംങ്കഥകൾ

4.ജലം

5.സങ്കടം

6.സ്വപ്നങ്ങളുടെ ഗ്രാമം

7.അമ്മ

8.പ്രകൃതി

9.എന്നെ തിരയുന്ന ഞാൻ

10.വളപ്പൊട്ടുകൾ

# ചെരുപ്പ്



ആദ്യമെന്നെ പിച്ചവെക്കാൻ പഠിച്ചതും
ഓടാൻ തുണച്ചതും മുറിവേൽക്കാതെ
എന്റെ കാൽപാതത്തെ ചുംബിച്ചതും ആ വള്ളിചെരുപ്പായിരുന്നു.
എന്റെ കാൽപാതത്തെ മൃദുലവും മനോഹരവും ആക്കിയപ്പോൾ
അത് സഞ്ചരിച്ചത് ആഗാധ വേദനകളിലൂടെയായിരുന്നു അത്
ആഴമേറിയ ഗർത്തത്തിലായിരുന്നു .ഓരോതവണയും
അതെനിക്കുവേണ്ടി തേഞ്ഞുകൊണ്ടിരുന്നു.ഒടുവിൽ എനിക്കത്
മതിയാവാതെവന്നു.അതിന്റെ വള്ളികൾ പൊട്ടിച്ച് ഞാൻ
തൊടിയിലേക്കെറിഞ്ഞു.തൊടിയിലുമതിന്റെ മുഖമെന്നിൽ
ഭ്രാന്തുയർത്തി ഒടുവിൽ ഞാനത് ചുട്ടുകരിച്ചു.പക്ഷെ ആ
ചെരുപ്പിന്റെ ചിതാഭസ്മമെന്നെ പിന്തുടർന്നു.ഞാൻ അത്
ഗംഗയിലൊഴുക്കാൻ മെനക്കെടാതെ ഈ മണ്ണിൽ ഇട്ടു.അത്
വീണ്ടും മുളച്ചു .വീണ്ടും പുഷ്പിച്ചു -വീണ്ടും ക്ഷയിച്ചു വീണ്ടും കരിഞ്ഞു
...................

# വിശപ്പ്



കണ്ടു ഞാൻ നിന്നെ അന്നാ
തുമ്പപ്പൂ പോലുള്ള ചോറിൽ
അറിഞ്ഞു ഞാൻ നീ ഒരു
രോഗിക്കാരിയാണെന്ന്
കേട്ടുഞാൻ നീ എൻ
മരണക്കാരിയാവുമെന്ന്
ചോദിച്ചു ഞാൻ നീ എന്തിനിവിടെ വന്നു
എനിക്ക് അറിയാൻ നിനക്ക് വേണ്ടതും
വിശപ്പിൽ നിന്നൊരു മോചനമാണെന്ന്.

# കടംകഥകൾ

അനേകം വേലി കെട്ടി അതിനകത്തൊരു വെള്ളിക്കോൽ

-ഉണ്ണിപ്പിണ്ടി

കുത്തുന്ന മൂരിക്ക്  പിന്നിൽ കയർ

-കയ്പ്പക്ക

കടകത്തിച്ചു തലകുത്തിച്ചു

-നെല്ല്

ഓറ്റക്കാലൻ കിളി ഒരുപാടു മുട്ട ഇട്ടു

-അടയ്ക്ക

ഉണ്ണുനീലിപ്പെണ്ണിന് ഒരിക്കലേ പേരുള്ളൂ

-വാഴ

ആദ്യം പൊന്തി പൊന്തി പിന്നെ തൂങ്ങി തൂങ്ങി

-വാഴക്കുല

ഉടുതുണി ഇല്ലാത്തോണ് കുട ചൂടി നിൽക്കുന്നു

-കൂൺ

'അമ്മ കൊലുന്നനെ മക്കൾ കുരുന്നേനെ

കരിക്കുമുമ്പിൽ ഇടയ്ക്ക് പിന്നിൽ

-കറിവേപ്പില

# ജലം



ഞാൻ ഒരു പുഴയിൽനിന്നാണ് ഇവിടെ എത്തിയത് തുടക്കത്തിൽ പലതരം മാലിന്യങ്ങൾ എന്നോടൊപ്പം ഉണ്ടായിരുന്നു എന്റെ മണവും രുചിയും എനിക്ക് തന്നെ പിടിച്ചില്ല ജലശുദ്ധീകരണ ശാലയിൽ വെച്ച്  ആദ്യം എന്റെ മണലിലൂടെ അരിച്ചെടുത്തു പിന്നെ വായു കലർത്തി..ശുദ്ധീകരിച്ചു പിന്നീട് ആലം തുടങ്ങിയവ ഉപയോഗിച്ചു മാലിന്യങ്ങളെ അലിയിച്ചു എന്നെ പലതരത്തിൽ ശുദ്ധീകരിച്ചു അങ്ങനെ അങ്ങനെ ഞാൻ ശുദ്ധിയായി എന്നെ തിളപ്പിച്ചുകുടിക്കുന്നു

# സങ്കടം

ഒറ്റപ്പെട്ടുപോയ പൈങ്കിളി
നിന്റെ ചുണ്ടുകളെന്തേ മൗനമായി പോയത്
നിന്റെ കുഞ്ഞുമനസ്സിൽ നിറയുന്ന
സങ്കടമെൻ എന്റെയും സങ്കടമാണ് സഖീ
നിന്റെ പൈതങ്ങളെന്തേ കരയുന്നതു-
കാൺകെ നീ കരയുന്നവോ ഈ നാളുകളിൽ
നാം-കരയരുത് സഖീ ഈ കരച്ചിൽ
വെറുമൊരു വെള്ളം മാത്രം....



# സ്വപ്നങ്ങളുടെ ഗ്രാമം



കൊട്ടപ്പുറം ....ഞങ്ങളുടെ സുന്ദരമായ കുഞ്ഞു ഗ്രാമം പ്രകൃതി യുടെ ഭാഗമായ ഞങ്ങളുടെ ഗ്രാമത്തിലെ വിശാലമായ നെൽ വയലുകൾ ഒരു പ്രത്യേകതയാണ് പച്ചപാവാട ഉടുത്ത നെൽവയലുകൾ അവിടെ കുളിര്മ ഏകുന്ന കാറ്റിൽ ആടിക്കളിക്കുന്ന വയലേലകൾ പുലർച്ചെ മഞ്ഞകുന്ന പുതപ്പ് പുതച്ചുറങ്ങുന്ന നെൽവയലുകൾ ഉണർത്തി സൂര്യൻ ആധിപത്യം സ്ഥാപിക്കും ഗ്രാമത്തിൽ രണ്ട് പള്ളിക്കൂടങ്ങളാണുള്ളത് അവിടെ ഉള്ള കുരുന്നുകൾക്ക് വിജ്ഞാനത്തിന്റെ ലോകം കാണിച്ചു കൊടുത്തുകൊണ്ട് അറിവിന്റെ ലോകത്തേക്ക് പറക്കുന്ന അല്ലെങ്കിൽ പറക്കാൻ ശ്രമിക്കുന്ന കുഞ്ഞി കുരുവികളെ സഹായിച്ചു കൊടുക്കുള്ള ഗുരുക്കൾ . വിദ്യാലയത്തിന് മുമ്പിലൂടെ ആടിപ്പാടി ഒഴുന്ന നീർച്ചാലുകൾ ഒഴുകി ..... ഒഴുകി ഗ്രാമത്തെ കണ്ട് ആസ്വദിക്കുന്നു  കളിക്കാനായി സ്റ്റേഡിയവും നീന്തിക്കുളിക്കാൻ കുളങ്ങളും എല്ലാമുള്ള ഒരു സുന്തര ഗ്രാമം സ്നേഹവും സൗഹാർദവും കരുണയും സഹായവും പരശുഷണവും അങ്ങനെ സർവ വികാരങ്ങളോട് കൂടി ജാതി മത ഭേതമെന്നെ ശാന്തതയോടു കഴിയുന്ന ഗ്രാമവാസികൾ .കാടും മേടും പൂക്കളും പുഴകളും മലകളും സൗഹാർദവും സാഹോദര്യവും എല്ലാം അടങ്ങി

യ സന്തോഷത്തിന്റെയും ശാന്തതയുടെയും പ്രതീകമാണ് ഞങ്ങളുടെ ലോകം , കോട്ടപ്പുറം .........അറിവിന്റെയും വിജ്ഞാനത്തിന്റെയും ഒരുമയും നക്ഷത്ര തിളക്കമാണ് ഞങ്ങളുടെ ഗ്രാമം

# അമ്മ



വാത്സല്യത്തിന്റെയും കാരുണ്യത്തിന്റെ പ്രതീകമാണ് അമ്മ.നമ്മൾ ലോകം കാണുന്നതിന് മുമ്പ് ഓമനിച്ചതാണ് അമ്മ.10 മാസം ഗർഭം നയിച്ച വേദനകളെല്ലാം സഹിച്ച് അമ്മ നമ്മെ  പുറം ലോകം കാണിച്ചു. അമ്മക്ക് പകരം വയ്ക്കാനൊന്നുമില്ല.അമ്മ എന്ന വാക്കു കേൾക്കുമ്പോൾ തന്നെ മനസ്സിനൊരു കുളിരാണ്.എത്ര പിണങ്ങിയാലും നാം അവരുടെ അടുത്തെത്തും. എന്നാൽ ഇന്നത്തെ സമൂഹത്തിൽ അമ്മ എന്ന മനോഭാവം വേറിട്ടതാണ്. അന്ന് നമ്മെ നൊന്തു പെറ്റ അമ്മയെ ഇന്നു നാം വൃദ്ധസദനത്തിലേക്കും മറ്റും കൊണ്ടുക്കുന്നു. വളർത്തി വലുതാക്കി നല്ല ജോലി കിട്ടിയപ്പോൾ ഇന്നത്തെ തലമുറ അമ്മമാരെ വൃദ്ധസദനത്തിൽ കൊണ്ടാക്കുന്നു. ഭാര്യയെ മക്കളെയും മതി ഇന്നത്തെ സമൂഹത്തിന്.അതിനിടയിൽ അമ്മ ഒരു അന്യയായിമാറുന്നു.ഇന്ന് മാധ്യമങ്ങളിലൂടെയും മറ്റും നമുക്ക് സ്ഥിരം കേൾക്കാൻ സാധിക്കുന്ന വാർത്തയാണ്.

**മക്കൾ അമ്മയെ ഉപേക്ഷിച്ചു എന്നത്.നാം എത്ര വികൃതികൾ കാട്ടിയിട്ടും നമ്മെ ഉപേക്ഷിക്കാത്ത അമ്മയെ എന്തിനുവേണ്ടിയാണ് നാം വീട്ടിൽ നിന്നും പുറത്താക്കുന്നത്.ഈ അമ്മയില്ലെങ്കിൽ നാം ഉണ്ടാവുമോ???...ഏതൊരാളും അമ്മക്ക് പകരമാവില്ല.നാം എത്ര മര്യാദയില്ലാതെ സംസാരിച്ചാലും അമ്മ അത് അപ്പോൾ തന്നെ ക്ഷമിക്കും.എത്ര കടം നമുക്ക് അമ്മയോടുണ്ട്.ഏഴു ജന്മം ജനിച്ചാലും നമുക്ക് അത് തിരിച്ചുനൽകാനാവില്ല.**

# പ്രകൃതി




മിനുവിന് ഒഴിവുദിവസമാണ്.ഇന്ന് എല്ലാവരും പലകളികളിലും വിരുന്നുപോവുകയും ചെയ്യുന്നു.പക്ഷെ മിനുവിന് എവിടേക്കും പോകാനില്ല.അങ്ങനെ അവൾ ചുറ്റുപാട് കാണാൻ ആഗ്രഹിച്ചു.അവൾ വീട്ടിൽ നിന്നിറങ്ങി കുറെ ദൂരം നടന്നു.അപ്പോൾ അതാ അവിടെ ഒരു നിലവിളി.അവൾ ചുറ്റും നോക്കി.അപ്പോഴാണ് നിലവിളി കുളത്തിൽ നിന്നാണെന്ന് മനസ്സിലായത്.അവൾ അവിടേക്കുപോയി.കുളത്തിൽ ഒരു കുഞ്ഞുമീൻ കരയുന്നു.മീനു മീനിനോടുച്ചോദിച്ചു.‘എന്തുപറ്റി കുഞ്ഞുമീനേ.....’മീൻ പറഞ്ഞു:എന്നെ രക്ഷിക്കണം. ഞാൻ ഈ കുളത്തിൽ കിടന്ന് ഇപ്പോൾ മരിക്കും.ഈ കുളം ആദ്യം നല്ലതായിരുന്നു.പക്ഷെ ഇപ്പോൾ ഇവിടെ അടുത്തുള്ള ഫാക്ടറിയിലെ വിഷവായും മാലിന്യവും ഇതിൽ തള്ളുകയും അതുമൂലം നശിക്കുകയും ചെയ്തു.ഈ കുളത്തിൽ ഒരുപ്പാട് മീനുകൾ ഉണ്ടായിരുന്നു.അവർ എല്ലാവരും മരിച്ചു. ഇനി ഞാൻ മാത്രമെയുള്ളൂ..അങ്ങനെ മീനു അതിനെ രക്ഷിക്കാൻ തീരുമാനിച്ചു.അങ്ങനെ മിനു അതിനെ രക്ഷിച്ചു.നമ്മൾ ഓരോരുത്തരും **മീനുവിനെ പോലെയാവണം.**

# എന്നെ തിരയുന്ന ഞാൻ

ഈ മട്ടുപ്പൻ നഗരത്തിലെ
ദേഹമാസകലം
ചുട്ടുപ്പൊള്ളുന്ന
ചൂടിനിടയിൽ
ആൾക്കൂട്ടത്തിനിടയിൽ
**ഞാൻ**
**തിരയുകയാണെന്നെ.**



# വളപൊട്ടുകൾ




അന്നു നാം പെറുക്കിയ കണ്ണിമാങ്ങയും
ഉപ്പു കൂട്ടികഴിച്ച പുളിയും നീ ഓർക്കുന്നുവോ?
ഞാൻ നിനക്കായ് മാറ്റിവച്ച വളപ്പൊട്ടുകളും
കുന്നികുരുവും മഞ്ചാടിയും എൻ കൈയിലുണ്ട്
പുസ്തക താളിനുള്ളിൽ നീ എനിക്ക് തന്ന
മയിൽപീലി ഞാൻ ഓർമ്മയുടെ സ്മാരകമായി സൂക്ഷിക്കുന്നു.
ഇനിയും വയ്യ........

# ശുഭം.........